Downloaded from www.Hsslive.in ®



# ഗൗളിജന്മം

**ഗ്രേസി**

## കഥാസംഗ്രഹം

നഗരത്തിലെ ഒരാശുപത്രി മുറിയിൽ പാർക്കുന്ന  രണ്ട് ഗൗളികൾ കാണുന്ന കാഴ്ചയിലൂടെയാണ്  ഗൗളിജന്മം എന്ന കഥ പറയുന്നത്. ആ ഗൗളി ദമ്പതികൾ ദാമ്പത്യത്തിന്റെ ആസക്തികൾ പെയ്തൊഴിഞ്ഞ കണ്ണുമായാണ് മുറിയിലെ കാഴ്ചകൾ കാണുന്നത്. അപകടത്തിൽപ്പെട്ട് മരണാസന്നനായി കിടക്കുന്ന ചെറുപ്പക്കാരനും  അയാളുടെ ഭാര്യ ആരതിയുമാണ് ഗൗളികളുടെ കണ്ണിൽപ്പെടുന്ന കാഴ്ച. അപകടത്തിന് പുറമെ മഞ്ഞപ്പിത്തം കൂടി ബാധിച്ച ആ ചെറുപ്പക്കാരൻ അധികം വൈകാതെ മരിക്കുമെന്നും അയാളുടെ ഭാര്യ പിന്നീടുള്ള ജീവിതത്തെ എങ്ങനെ നേരിടുമെന്നും ആൺ ഗൗളി പ്രവചിക്കുന്നു. ഗർഭിണിയായ ആരതിക്ക് ജനിക്കാൻ പോകുന്ന  കുഞ്ഞ് തന്തയെ തീനി എന്ന് അറിയപ്പെടും എന്ന കാരണത്താൽ ആരതി ആ ഗർഭം അബോർട്ട് ചെയ്യും എന്ന് ആൺഗൗളി വിലയിരുത്തുന്നു. കൂട്ടത്തിൽ ആശുപത്രിയിലെ സന്ദർശകരുടെ മര്യാദയില്ലായ്മ, ഡോക്ടർമാരുടെ ഈഗോ, എഴുത്തുകാരുടെ ഈഗോ, മനുഷ്യരുടെ അന്ധവിശ്വാസങ്ങൾ ഒക്കെ ആൺ ഗൗളിയുടെ സംഭാഷണത്തിൽ കടന്നു വരുന്നു. ആൺ ഗൗളിയുടെ സംഭാഷണത്തിൽ അതിന്റെ ചരിത്രബോധവും പൊതു വിജ്ഞാനവും മുജ്ജന്മ ഓർമ്മ പോലും വെളിപ്പെടുന്നു. എന്നാൽ പെൺ ഗൗളിക്ക് അത്തരം ജ്ഞാനം ഒന്നുമില്ല. അതോർത്ത് അവൾ തലതല്ലിക്കരയുന്നുണ്ട്. ഇതൊക്കെ ആണിന് മാത്രം കഴിയുന്നതെന്ന് ആൺ ഗൗളി അഹന്ത കൊള്ളുന്നു. മമതയാണ് എല്ലാ ദുഃഖത്തിനും കാരണം എന്ന ജ്ഞാനം  നേടിയ  ബുദ്ധനെക്കുറിച്ച്  ആൺഗൗളി പെൺഗൗളിക്ക് പറഞ്ഞു കൊടുക്കുന്നു. മമതയാണ് ദുഃഖത്തിന് കാരണം എന്ന് അടുക്കളച്ചുമരുകൾക്കുള്ളിൽ  കരിയും പുകയുമേറ്റ കിടക്കുന്ന ഏതൊരു പെണ്ണിനും അറിയാവുന്ന സത്യമാണ്  എന്ന് പെൺ ഗൗളി പൊട്ടിച്ചിലച്ചുകൊണ്ട് പറയുന്നു. ആൺ ഗൗളി പ്രവചിച്ചതു പോലെ കഥയുടെ അന്ത്യത്തിൽ  ചെറുപ്പക്കാരൻ  മരിക്കുന്നു. ആരതിയുടെ ജീവിതം ഇനി എങ്ങനെ ആയിരിക്കുമെന്നറിയാനും ഒരു പെണ്ണിനെക്കൊണ്ട് എന്തെല്ലാം കഴിയും എന്നറിയാനുമായി അപകടകരമായ ഒരു കുതിച്ചു ചാട്ടത്തിലൂടെ പെൺ ഗൗളി ആരതിയുടെ ബാഗിൽ ഒളിക്കുന്നു. തന്റെ കുഞ്ഞുങ്ങളെ പെറ്റു പോറ്റേണ്ടവളാണ് എന്ന ആൺ ഗൗളിയുടെ വിലക്ക് പരിഗണിക്കാതെ അവന്റെ ജീവിതത്തിൽ നിന്ന് പെൺ ഗൗളി ഇറങ്ങിപ്പോകുന്നു. പെണ്ണിന്റെ സ്വത്വവും പെൺ ജീവിതത്തിന്റെ സാദ്ധ്യതകളും തേടിയുള്ള പെൺ ഗൗളിയുടെ അന്വേഷണം ആരംഭിക്കുന്നിടത്ത് കഥ അവസാനിക്കുന്നു.

## അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. . സ്കോർ –4

**Q 1 . " ആക്ഷേപ ഹാസ്യത്തിനുള്ള ശക്തമായ  ഉപാധിയായി പാരഡി ഉപയോഗിക്കുന്നതിനു മാതൃകയാണ് ഗൗളി ജന്മം എന്ന കഥയിലെ ചില സന്ദർഭങ്ങൾ. വിശദമാക്കുക.**

✅ പ്രസിദ്ധമായ ഒരു സൃഷ്ടിയുടെ സവിശേഷതകളെ  ഹാസ്യാത്മകമായി അനുകരിക്കുന്നതാണ് പാരഡി. പുകവലി ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് വാക്യത്തിൽ നിന്നുണ്ടാക്കിയ പാരഡിയാണ് ദാമ്പത്യം ആരോഗ്യത്തിന് ഹാനികരം എന്നത്. ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് അവഗണിച്ചാണ് ഗൗളികൾ ദാമ്പത്യം ശീലിച്ചത്. വിവാഹവും കുടുംബ ജീവിതവും പെണ്ണിന്റെ വ്യക്തിത്വത്തിനും സ്വാതന്ത്ര്യത്തിനും ഹാനികരമാണെന്ന് വ്യംഗ്യമായി പറയുന്നതാണ്  ഈ പാരഡി .  ആസക്തികളുടെ ഉൾപ്രേരണയിൽ ആ മുന്നറിയിപ്പുകളെല്ലാം അവഗണിച്ച് ദാമ്പത്യത്തിൽ ഏർപ്പെടുകയും പുരുഷന്റെ കുഞ്ഞിനെ പെറ്റു പോറ്റുക എന്ന ദൗത്യത്തിലേക്ക് ചുരുങ്ങിപ്പോവുകയും ചെയ്യുന്ന പെൺ ജീവിതത്തെയാണ് ഈ പാരഡിയിലൂടെ എഴുത്തുകാരി ഹാസ്യാത്മകമായി അവതരിപ്പിക്കുന്നത്.

Downloaded from www.Hsslive.in ®

**Q 2 . ഗൗളി ജന്മം എന്ന കഥയിലെ സന്ദർശകയ്ക്ക് കഥയിലുള്ള പ്രാധാന്യമെന്തെന്ന് വിശദീകരിക്കുക.**

✅ ഗ്രേസിയുടെ ഗൗളിജന്മം എന്ന കഥയിൽ ഗൗരവമുള്ള ചില സാമൂഹിക വിഷയങ്ങൾ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നുണ്ട്. ആക്ഷേപ ഹാസ്യത്തിന്റെയും ഐറണിയുടെയും പാരഡിയുടെയും സാധ്യതകൾ ഈ കഥയിൽ ഉപയോഗിക്കുന്നു. ഹാസ്യത്തിന്റെ മറ്റൊരു രൂപമായ ലംപൂൺ (Lampoon ) ന് മാതൃകയാണ് ഗൗളി ജന്മത്തിലെ ആശുപത്രി സന്ദർശക. അത്തരം സന്ദർശകരുടെ മര്യാദയില്ലാത്ത പെരുമാറ്റത്തെ വിമർശിക്കാൻ വേണ്ടി പരിഹാസ്യമായ സവിശേഷതകളോടെയാണ് ആ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. ഇരുട്ട് കുത്തനെ പതിച്ചതു പോലെയുള്ള അവരുടെ സാന്നിധ്യവും കുളമ്പടിച്ചെത്തും പോലെയുള്ള വരവും പട്ടുസാരിയുടെ തിളക്കവും മര്യാദകെട്ട വർത്തമാനവും ആ കഥാപാത്രത്തിന് ഒരു കോമാളി ഭാവം നൽകുന്നു. പുറമെ സഹതാപം പ്രകടിപ്പിക്കുമ്പോൾത്തന്നെ അന്യന്റെ ദുഃഖത്തിൽ സന്തോഷിക്കുന്ന കഥാപാത്രമാണവർ. ആശുപത്രി സന്ദർശകരിൽ കാണാറുള്ള പെരുമാറ്റ വൈകൃതങ്ങളെ പരിഹസിക്കാൻ ഉപയുക്തമാണ് ഈ കഥാപാത്രം.

**Q 3 . ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധയും ഗൗളി ജന്മത്തിലെ പെൺ ഗൗളിയും ഒരേ അവസ്ഥകളുടെ പ്രതിനിധികളായിരിക്കുമ്പോൾ തന്നെ വ്യത്യസ്തരായിരിക്കുന്നതെങ്ങനെ എന്ന് വ്യക്തമാക്കുക.**

✅ കെ ആർ മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധ കുടുംബത്തിനുള്ളിൽ തളയ്ക്കപ്പെട്ടുപോയ കഥാപാത്രമാണ്. പ്രതിഭാശാലി ആയിരുന്നിട്ടും സ്വാതന്ത്ര്യ സമരസേനാനിയുടെ ഭാര്യയായിരുന്നിട്ടും വീടിനുള്ളിൽ ചോറും കറിയും വച്ചും കുട്ടികളെ പെറ്റ് പോറ്റിയും വീട്ട് വേലകൾ ചെയ്തും അവർ ജീവിതം കഴിച്ചു. കുടുംബ സംവിധാനത്തിന്റെ ഒരു കെട്ടുപാടുകളെയും അവർ ലംഘിക്കുന്നില്ല. അവരുടെ നിശ്ശബ്ദമായ പ്രതിഷേധം ആരും വായിക്കാത്ത മൂന്ന് കഥകളിൽ ഒതുങ്ങി. പൊതുബോധത്തിന് കീഴ്പ്പെട്ട് ആണധികാരത്തിന്റെ നുകക്കീഴിൽ അവർ കഴിഞ്ഞ് കൂടി. ഗ്രേസി ടീച്ചറിന്റെ ഗൗളിജന്മത്തിലെ പെൺഗൗളി അങ്ങനെ വഴങ്ങി ജീവിക്കുകയല്ല ചെയ്തത്. അവൾ തന്റെ അന്വേഷണത്തിന്റെയും പഠനത്തിന്റെയും വഴികൾ തേടിപ്പോയി. അപകടകരമായ ഒരു കുതിച്ചുചാട്ടത്തിലൂടെ അവൾ ആൺ ഗൗളിയുടെ ജീവിതത്തിൽ നിന്ന് തന്നെ ഇറങ്ങിപ്പോകുന്നത് അവളുടെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ്. വൃദ്ധയും പെൺഗൗളിയും ആണധികാരത്തിൻ കീഴിൽ സ്വത്വം നഷ്ടപ്പെടുന്ന പെണ്ണിന്റെ പ്രതിനിധികളാണെങ്കിലും ഇവർ വ്യവസ്ഥിതിയോട് പ്രതികരിക്കുന്നത് വ്യത്യസ്ത തരത്തിലാണ്.

**4 . വിദ്യാഭ്യാസത്തിൽ മുന്നിട്ട് നിൽക്കുമ്പോഴും അന്ധവിശ്വാസത്തിൽ കുടുങ്ങിക്കിടക്കുന്ന സമൂഹമാണ് മലയാളി സമൂഹം. ഗൗളിജന്മം എന്ന കഥയിലെ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തി ആ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.**

✅ ഗ്രേസി ടീച്ചർ എഴുതിയ ഗൗളിജന്മം എന്ന കഥയിൽ കേരള സമൂഹത്തിലെ ചില തെറ്റായ പ്രവണതകളെ ഹാസ്യാത്മകമായി വിമർശിക്കുന്നു. പഠിപ്പുണ്ടെങ്കിലും യുക്തിബോധമില്ലാതെ അന്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരാണ് നമ്മൾ. ഒരു ശാസ്ത്രീയ യുക്തിയുമില്ലാത്ത ഗൗളിശാസ്ത്രത്തിൽ വിശ്വസിക്കുന്ന മലയാളിയെ ഗ്രേസി ടീച്ചർ കണക്കിന് കളിയാക്കുന്നു. അച്ഛൻ മരിക്കുമ്പോൾ ഗർഭത്തിലായിരുന്ന കുഞ്ഞിന്റെ തലയിൽ തന്തയെ തീനി എന്ന വിശേഷണം ചാർത്തിക്കൊടുക്കുന്നവരെയും കഥയിൽ പരിഹസിക്കുന്നു. അസ്ഥാനത്തിരുന്ന് ചിലയ്ക്കുന്ന പല്ലിയിൽ ദുശ്ശകുനം കാണുന്ന മനുഷ്യരുടെ പൊട്ടത്തരം കഥയിൽ ഏറ്റവും ഹാസ്യാത്മകമായ രംഗമാണ്. വിദ്യാഭ്യാസ മുന്നേറ്റം ഉണ്ടാകുമ്പോൾ മലയാളി ഇത്തരം ഇരുണ്ട വിശ്വാസങ്ങളിൽ കുടുങ്ങിക്കിടക്കുകയാണെന്ന എഴുത്തുകാരിയുടെ നിരീക്ഷണം ശരിയാണ്.

**5 . പുരുഷന്റെ അഹന്ത ഗൗളി ജന്മത്തിലും തീർത്തും തേഞ്ഞ് പോയിരുന്നില്ല എന്ന് പറയാൻ കാരണമെന്ത്?**

✅ താൻ മുജ്ജന്മത്തിൽ കഥാകൃത്തായിരുന്നെന്നും തന്റെ കഥകൾ മലയാളത്തിലെ മികച്ച കഥകളായിരുന്നെന്നും ആൺ ഗൗളി കരുതുന്നു. മുജ്ജന്മത്തെക്കുറിച്ചുള്ള ഈ ഓർമപോലും ആണിന് മാത്രം കൈവരുന്ന സിദ്ധിയാണെന്ന് ആൺ ഗൗളി അഭിമാനിക്കുന്നു.

തനിക്ക് മുൻജന്മത്തെക്കുറിച്ച് ഒരോർമയും ഇല്ലെന്ന് പെൺഗൗളി സങ്കടപ്പെടുമ്പോൾ പുച്ഛത്തോടെ ആണ് ആൺഗൗളി പ്രതികരിക്കുന്നത്. ധ്യാനവും ജ്ഞാനവും ആണിന് മാത്രം സാധ്യമാണെന്ന് അവൻ അഭിമാനിക്കുന്നു. തന്റെ കുഞ്ഞിനെ പെറ്റ് പോറ്റേണ്ടവൾ മാത്രമാണ് പെൺ ഗൗളി എന്ന പരാമർശത്തിലും കാണാം ഗൗളി ജന്മത്തിലും തേഞ്ഞ് പോകാത്ത ആണിന്റെ ഹുങ്ക്.

## ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ – 6

**Q 1 . പാരമ്പര്യവും പ്രായോഗികതയും അവകാശപ്പെടുന്നുണ്ടെങ്കിലും അഹന്തയിലും വിശ്വാസങ്ങളിലും കുടുങ്ങിക്കിടക്കുന്നവരുടെ പ്രതിനിധിയാണ് ആൺഗൗളി എന്ന് വിലയിരുത്താനാവുമോ? സമർത്ഥിക്കുക.**

Downloaded from www.Hsslive.in ®

സ്ത്രീ ജീവിതത്തിന്റെ വൈവിധ്യങ്ങളും സ്ത്രീ ജീവിതം നേരിടുന്ന പ്രതിസന്ധികളും കഥകളിൽ ആവിഷ്കരിച്ച എഴുത്തുകാരിയാണ് ഗ്രേസി. നഗരത്തിലെ ഒരു ആശുപത്രിയിൽ കഴിയുന്ന ഗൗളി ദമ്പതികളുടെ വീക്ഷണത്തിലാണ് ഗൗളിജന്മം എന്ന കഥ പറയുന്നത്. അപകടത്തിൽപെട്ട് ആസന്ന മരണനായി കിടക്കുന്ന യുവാവും അയാളുടെ യുവതിയായ ഭാര്യയും ആണ് മറ്റ് കഥാപാത്രങ്ങൾ.

മുജ്ജന്മത്തെക്കുറിച്ചുള്ള ഓർമകൾ പേറുന്ന ആൺഗൗളിയുടെ വാക്കുകളിലൂടെ ഡോക്ടർമാരുടെ ഈഗോ, എഴുത്തുകാരുടെ അഹന്ത എന്നിവയൊക്കെ കഥയിൽ ചർച്ചയാകുന്നുണ്ട്. ഡോക്ടർമാരുടെ ഈഗോ ആണ് യുവാവിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണം. ഈ സന്ദർഭത്തിൽ ആൺ ഗൗളി പൊൻകുന്നം വർക്കിയുടെ കിശോരലാൽ എന്ന കഥാപാത്രത്തെ കുറിച്ചും ബുദ്ധനെക്കുറിച്ചും സംസാരിക്കുന്നുണ്ട്.

മുജ്ജന്മത്തിൽ താൻ ഒരു കഥാകൃത്ത് ആയിരുന്നു എന്നും തന്റെ കഥകൾ മലയാളത്തിലെ മികച്ച കഥകളായിരുന്നു എന്നും അതുകൊണ്ടാണ് ഈ ജന്മത്തിൽ മേൽക്കൂര താങ്ങുന്ന ഗൗളിയായതെന്നും ആൺഗൗളി പറയുന്നു. മുജ്ജന്മത്തെക്കുറിച്ച് ഒരു അറിവും ഇല്ലാതെ പെൺഗൗളി വിഷമിച്ചപ്പോൾ, അതിന് ബുദ്ധനെപ്പോലെ ബോധോദയം ഉണ്ടാവണമെന്ന് ആൺഗൗളി പറയുന്നു. കൊട്ടാരവും കിരീടവും കെട്ടിയ പെണ്ണിനെയും ഓമന പുത്രനെയും ഉപേക്ഷിച്ച്  ധ്യാനത്തിൽ അമരാൻ പെണ്ണുങ്ങൾക്ക് സാധിക്കില്ല എന്ന് ആൺ ഗൗളി പറയുന്നു. തന്റെ കുഞ്ഞിനെ പെറ്റ് പോറ്റലാണ് പെൺഗൗളിയുടെ ജന്മ ദൗത്യം എന്നും ആൺ ഗൗളി ഓർമ്മിപ്പിക്കുന്നുണ്ട്.

 മുറിയിൽ നിന്ന് കരച്ചിൽ ഉയരുമ്പോൾ ആ ഗൗളി പറയുന്നുണ്ട്- "ആ ചെറുപ്പക്കാരി അവളുടെ ഉദരത്തിലെ കുഞ്ഞിനെ വെളിച്ചം കാണിക്കില്ല. തീർച്ച. മറ്റൊരു ജീവിതം അവൾക്കായി കാത്തിരിക്കുന്നു."

ആൺഗൗളിയുടെ ഇപ്രകാരമുള്ള സംഭാഷണങ്ങൾ വിശകലനം ചെയ്താൽ ആണഹന്തയിലും മുൻവിധിയിലും പഴഞ്ചൻ വിശ്വാസങ്ങളിലും  അഭിരമിക്കുന്നവരുടെ ആണധികാരത്തിന്റെ പ്രതീകമാണ് ആൺ ഗൗളിയെന്ന് കാണാം.

Q 2 . ഗൗളിജന്മം എന്ന കഥയുടെ ആഖ്യാന സവിശേഷത പ്രമേയാവതരണത്തിന് എത്രത്തോളം പ്രയോജനപ്പെടുന്നു എന്ന് വിലയിരുത്തുക.

ഗ്രേസിയുടെ ഗൗളിജന്മം സവിശേഷമായ ആഖ്യാനം കൊണ്ട് ശ്രദ്ധേയമായ കഥയാണ്.

 അന്യാപദേശ (Allegory)കഥകളുടെ ഘടന സ്വീകരിച്ചതു തന്നെ പ്രത്യേക ഉദ്ദേശ്യത്തോടെയാണ്. അന്യാപദേ കഥകളിൽ കാണും പോലെ ഗൗളി ദമ്പതികളിലൂടെ മനുഷ്യ ജീവിത കഥ തന്നെയാണ് എഴുത്തുകാരി പറയുന്നത്. നഗരത്തിലെ ഒരാശുപത്രിയിൽ രണ്ട് ഗൗളികൾ പാർത്തിരുന്നു എന്ന ആദ്യ വാക്യത്തിൽ തന്നെ ഒരു അന്യാപദേശ കഥയുടെ വായനാനുഭവത്തിലേക്ക് വായനക്കാർ എത്തുന്നു. ദാമ്പത്യം എന്ന സ്ഥാപനത്തിൽ സ്ത്രീ അനുഭവിക്കേണ്ടി വരുന്ന പരാധീനതകളും ആണധികാരത്തിന്റെ അഹന്തകളും ആണ് ഗൗളികളുടെ ജീവിതത്തിലൂടെ അവതരിപ്പിക്കുന്നത്. സാധാരണ ഗുണപാഠ കഥകളിൽ കാണും പോലെ ഒരു ഗുണപാഠം പ്രത്യക്ഷമായി കഥയിൽ ഉൾപ്പെടുത്തുന്നില്ലെങ്കിലും,  അന്വേഷിക്കാനും പഠിക്കാനും സ്വതന്ത്രയാവാനും പെണ്ണ് സ്വയം ശ്രമിച്ചില്ലെങ്കിൽ കുടുംബത്തിനുള്ളിൽ ആണിന്റെ കുട്ടികളെ പെറ്റ് പോറ്റുന്നവൾ മാത്രമായി അവൾ ചുരുങ്ങിപ്പോകും എന്ന ഗുണപാഠം കഥയിൽ പ്രകടമാണ്. ഇങ്ങനെ അന്യാപദേശമെന്ന ആഖ്യാനതന്ത്രം വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാണ് ഗൗളിജന്മത്തിൽ പ്രമേയാവിഷ്കാരം നടത്തുന്നത്.

 കഥയിലെ ഗൗളിക്കണ്ണ് എഴുത്തുകാരിയുടെ കണ്ണ് തന്നെയാണ്. ആശുപത്രി ബെഡിലെ ദമ്പതികളെയും അവിടത്തെ കാഴ്ചകളും ഉയരത്തിൽ ഇരുന്ന് കാണുന്ന ഗൗളികൾ യഥാർത്ഥത്തിൽ ഒരു നിരീക്ഷണ ക്യാമറയുടെ സ്ഥാനത്താണിരിക്കുന്നത്. ഉയരത്തിൽ നിന്നുള്ള കാഴ്ച കൂടുതൽ സമഗ്രമാവും. ഒരു കമന്ററി ബോക്സിൽ ഇരുന്ന് കളിയുടെ ദൃക്സാക്ഷിവിവരണം നൽകും പോലെ, അല്ലെങ്കിൽ ഒരു നിരീക്ഷണ ക്യാമറ കാഴ്ചകളെ സൂക്ഷ്മമായി ഒപ്പിയെടുക്കും പോലെ ഗൗളിക്കണ്ണിലൂടെ എഴുത്തുകാരി മനുഷ്യ ജീവിതം നോക്കിക്കാണുന്നു. കണ്ട കാഴ്ചകൾ സൂക്ഷ്മമായി പറഞ്ഞ് തരുന്നു. ജീവിതത്തിൽ നിന്ന് ഇത്തിരി അകന്ന് നിന്ന് സമഗ്രതയോടെ നിരീക്ഷിക്കുകയാണ് എഴുത്തുകാരി. ഗൗളിക്കണ്ണിലൂടെ കണ്ട കാഴ്ചകൾ മനുഷ്യ ജീവിതത്തിന്റെ സൂക്ഷ്മാവലോകനം ആകുന്നത് അതു കൊണ്ടാണ്.

**Q 3 . " ഇത് കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗങ്ങളൊക്കെ സഹിച്ചത് ? കഷ്ടം! അടുക്കളച്ചുമരുകൾക്കുള്ളിൽ കരിയും പുകയും പിടിച്ച് കിടക്കുന്ന പെണ്ണുങ്ങൾക്ക് പോലും അറിയാമല്ലോ ഇത്." സന്ദർഭം വിശദീകരിച്ച് ഇതിലെ പരിഹാസം വ്യക്തമാക്കുക.**

ഗ്രേസിയുടെ ഗൗളിജന്മം എന്ന കഥയിലെ പെൺഗൗളിയുടെ പരിഹാസമാണിത്. ആണഹന്തയുടെ ആൾരൂപമായാണ് കഥയിലെ ആൺഗൗളി പ്രത്യക്ഷപ്പെടുന്നത്. ജ്ഞാനവും ധ്യാനവും ത്യാഗവും എല്ലാം പുരുഷന്റെ മാത്രം കഴിവുകളാണെന്ന് വിശ്വസിക്കുന്ന ആൺഗൗളി ബുദ്ധന്റെ ജ്ഞാനോദയത്തെക്കുറിച്ച് പെൺഗൗളിയോട് പറയുന്നത് ഈ അഹങ്കാരത്തോടെയാണ്. എല്ലാം ത്യജിച്ച് ധ്യാനസ്ഥനായതുകൊണ്ടാണ് ബുദ്ധന് ജ്ഞാനോദയം ഉണ്ടായത്. അത് ഒരിക്കലും പെണ്ണിന് കഴിയുന്നതല്ലെന്ന് ആൺഗൗളി പറയുന്നു. ബുദ്ധൻ ഇത്ര കഷ്ടപ്പെട്ട് നേടിയ ജ്ഞാനം പെണ്ണ് സ്വന്തം ജീവിതം കൊണ്ട് പഠിച്ചതാണ്. മമതയാണ് എല്ലാ ദുഃഖത്തിനും കാരണം എന്നവൾ അനുഭവിച്ച് പഠിച്ചതാണ്. കുടുംബത്തെ സ്നേഹിച്ചു പോയതു കൊണ്ട് അതിന്റെ തടവറയിൽ

Downloaded from www.Hsslive.in ®

സ്വയം നഷ്ടപ്പെടുന്നവളാണ് പെണ്ണ്. അവൾക്ക് കുടുംബ ബന്ധങ്ങൾ ത്യജിച്ച് തന്റെ സ്വാതന്ത്ര്യത്തിന് ജീവിക്കാനാവാത്തത് കുടുംബത്തോടുള്ള മമത കൊണ്ടാണ്. ആ മമതയാൽ അവൾ തന്നെത്തന്നെ നഷ്ടപ്പെടുത്തുന്നു. ആ തിരിച്ചറിവിന് മുന്നിൽ പുരുഷന്റെ അഹന്തയും ബുദ്ധന്റെ ത്യാഗവും ജ്ഞാനവും എത്രയും നിസ്സാരമാണെന്ന സൂചനയിലൂടെ പെൺ ഗൗളി ആണഹന്തയുടെ കഴുത്തറിയുന്നു.

**Q 4 . "നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും. പക്ഷേ ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട് " ഈ കഥാസന്ദർഭത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.**

✅ ഗൗളിജന്മം എന്ന കഥയിലെ പെണ്ണിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ് ഈ സന്ദർഭം.

ഗ്രേസിയുടെ ഗൗളിജന്മത്തിൽ കുടുംബം എന്ന സ്ഥാപനത്തിനുള്ളിൽ പുരുഷന്റെ കുഞ്ഞിനെ പെറ്റ് പോറ്റാനുള്ളവളായി ചുരുങ്ങിപ്പോകുന്ന പെണ്ണിന്റെ പ്രതിരോധവും സ്വാതന്ത്ര്യ പ്രഖ്യാപനവുമാണ് കാണുന്നത്. ആശുപത്രിയിലെ ഗൗളി ദമ്പതികളിലെ പെൺഗൗളി ആരതിയുടെ ബാഗിൽ കയറിക്കൂടാൻ ഒരുങ്ങുന്നത് പെണ്ണിന്റെ സ്വത്വാന്വേഷണമാണ്. ഒരു പെണ്ണിന് എങ്ങനെയെല്ലാം തന്റെ ജീവിതത്തെ പുനർ നിർണയിക്കാനാവും എന്ന അന്വേഷണത്തിനാണ് പെൺഗൗളി തുനിയുന്നത്. തന്റെ കുഞ്ഞിനെ പെറ്റ് പോറ്റേണ്ടവളാണ് എന്ന് പറഞ്ഞ് പെൺഗൗളിയെ തടയാൻ ആൺഗൗളി ശ്രമിക്കുമ്പോഴാണ് അവൾ ഈ മറുപടി പറയുന്നത്. വിവാഹവും സന്താനോല്പാദനവുമല്ല ഒരു പെണ്ണിന്റെ പരമമായ ജീവിതലക്ഷ്യമാവേണ്ടത്. പകരം പഠിക്കാനും അറിയാനും സ്വാതന്ത്ര്യത്തോടെ ജീവിച്ച് തന്റെ വ്യക്തിത്വത്തെ അടയാളപ്പെടുത്താനുമാണ് പെണ്ണ് ശ്രമിക്കേണ്ടത് എന്ന സന്ദേശം കഥയിൽ ലീനമായി കിടപ്പുണ്ട്. ആ സന്ദേശം തന്നെയാണ് പെൺ ഗൗളിയുടെ വാക്കിലും മുഴങ്ങുന്നത്.

## ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ – 8

**Q 1 . ചുവടെ ചേർക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ' ഗൗളിജന്മം ' എന്ന കഥയെ വിലയിരുത്തുക**

**# വൈകാരികത ചോർന്ന മനുഷ്യമനസ്സ്**

**# അന്ധവിശ്വാസങ്ങൾക്കു പിന്നാലെ പോകുന്ന സമൂഹം**

**# ചികിത്സാരംഗത്തെ കച്ചവടവൽക്കരണം**

**# പുരുഷാധിപത്യ സമൂഹം**

✅ സ്ത്രീ ജീവിതത്തിന്റെ സങ്കീർണതകളും സമസ്യകളും കഥകളിൽ ആവിഷ്കരിച്ച എഴുത്തുകാരിയാണ് ഗ്രേസി. പ്രമേയം കൊണ്ടും അവതരണ രീതികൊണ്ടും വ്യത്യസ്തത പുലർത്തുന്ന ചെറുകഥയാണ് ഗൗളിജന്മം. നഗരത്തിലെ ഒരു ആശുപത്രിയിൽ കഴിയുന്ന ഗൗളി ദമ്പതികളുടെ വീക്ഷണകോണിലൂടെയാണ് കഥ വികസിക്കുന്നത്. അപകടത്തിൽപ്പെട്ട് ആസന്ന മരണനായി കിടക്കുന്ന ഒരു യുവാവും അയാളുടെ അരികിൽ ദുഃഖിതയായി ഇരിക്കുന്ന യുവതിയായ ഭാര്യയുമാണ് മറ്റു മുഖ്യ കഥാപാത്രങ്ങൾ.

ഇരുട്ട് കുത്തനെ പതിച്ചതുപോലെ മുറിയിലേക്ക് കടന്നു വരുന്ന സന്ദർശക ദുഃഖിതയായ യുവതിയുടെ ചുമലിൽ തട്ടുകയും അവൾക്ക് ഇനിയും ജീവിതമുണ്ടെന്നും പ്രഗ്നന്റ് ആണെങ്കിൽ അബോർട്ട് ചെയ്യണമെന്നും ഉപദേശിക്കുന്നു. അപകടത്തിനൊപ്പം മഞ്ഞപ്പിത്തം കൂടി പിടിച്ചാണ് അവരുടെ കസിൻ തുലഞ്ഞത് എന്നും അവർ പറയുന്നു. വൈകാരികതയെ ഒട്ടും പരിഗണിക്കാത്ത നിർദ്ദയമായ സമൂഹ മനഃസാക്ഷിയാണ് ആ സന്ദർശകയിൽ കാണുന്നത്.

ഡോക്ടറെക്കുറിച്ച് ആൺഗൗളി ക്ഷോഭത്തോടെ പറയുന്നുണ്ട് , "ഇയാളാണ് ഈ യുവാവിനെ കൊലയ്ക്ക് കൊടുത്തത് " എന്ന്. മഞ്ഞപ്പിത്തത്തിന് ചികിത്സിക്കാൻ റഫർ ചെയ്യാത്തത് അയാളുടെ ഈഗോ മൂലമാണെന്ന് ആൺഗൗളി വെളിപ്പെടുത്തുന്നുണ്ട്. തന്റെ അറിവിന്റെ പരിമിതിയും മറ്റുള്ളവരുടെ അറിവും അംഗീകരിക്കാത്ത ഡോക്ടർമാരുടെ ഈഗോക്ക് മുന്നിൽ സാധാരണമനുഷ്യൻ പരീക്ഷണ വസ്തു മാത്രമാണ്. കച്ചവടവത്ക്കരിക്കപ്പെട്ട ആരോഗ്യ രംഗത്തിന്റെ ജീർണതകളിലേക്കാണ് ഗൗളിയുടെ വാക്ക് വിരൽ ചൂണ്ടുന്നത്. മുജ്ജന്മ സ്മരണകൾ പങ്കു വയ്ക്കുന്ന ആൺഗൗളി ബോധിവൃക്ഷച്ചുവട്ടിൽ ധ്യാനസ്ഥനാകുന്ന ബുദ്ധന്റെ മഹത്വവും പൂർവ്വ ജന്മ സ്മരണകളും ആണിന് മാത്രം സാധ്യമാകുന്ന കാര്യങ്ങളെന്ന് അഹങ്കരിക്കുന്നു. ഗൗളി ജന്മത്തിലും ആണഹന്ത വിട്ടൊഴിയാത്ത ആൺഗൗളിയുടെ കണ്ണിൽ തന്റെ കുഞ്ഞുങ്ങളെ പെറ്റ് പോറ്റൽ മാത്രമാണ് പെൺഗൗളിയുടെ ജീവിത ലക്ഷ്യം. മരണക്കിടക്കയിൽപ്പോലും എന്റെ കുഞ്ഞ് എന്ന് അഭിമാനം കൊള്ളുന്ന ചെറുപ്പക്കാരനും ആൺഗൗളിയും പുരുഷാധികാരത്തിന്റെ പ്രതിനിധിയാണ്.

Downloaded from www.Hsslive.in ®

പെൺഗൗളി യുവതിയുടെ ഇനിയുള്ള ജീവിതത്തെ കുറിച്ച് അറിയാൻ അവളുടെ ബാഗിലെ വസ്തുത്തിനുള്ളിൽ തിടുക്കത്തിൽ കയറിക്കൂടിയപ്പോൾ ആ തീരുമാനത്തിൽ ആൺഗൗളി ഞെട്ടുന്നു. തന്റെ കുഞ്ഞുങ്ങളുടെ അമ്മയാകേണ്ടവളാണ് നീ എന്ന് ആൺഗൗളി പറയുന്നു. "അതിന് ഏത് പെൺഗൗളിക്കും കഴിയും. ഇത് താൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ് " എന്ന് പറഞ്ഞുകൊണ്ട് ആൺഗൗളിയുടെ ജീവിതത്തിൽ നിന്ന് പെൺഗൗളി അപ്രത്യക്ഷയാകുന്നു. ആ ഇറങ്ങിപ്പോക്ക് ആണധികാരത്തിനെതിരെയുള്ള കലാപമാണ്.

സന്ദർശകയുടെ കടന്നുവരവും ഉപദേശവും അതുകേട്ട പെൺഗൗളിയുടെ ചിലയ്ക്കലും എത്ര പുരോഗമിച്ചാലും അന്ധവിശ്വാസങ്ങൾക്ക് പുറകെ പോകുന്ന സമൂഹത്തെയും വൈകാരികത ചോർന്ന മനുഷ്യ മനസ്സിനെയും അവതരിപ്പിക്കുന്നു. "ഇന്നത്തെ മനുഷ്യർ ഹൃദയത്തിനല്ല തലച്ചോറിനാണ് മുൻതൂക്കം നൽകുന്നത് " എന്ന് ആൺഗൗളിയുടെ പ്രതികരണം ബന്ധങ്ങൾക്കിടയിൽ നഷ്ടമാകുന്ന വൈകാരികതയെ സൂചിപ്പിക്കുന്നു. ആൺഗൗളിയുടെ ആണഹന്തയെ പെൺഗൗളി പല സന്ദർഭങ്ങളിലും ചോദ്യം ചെയ്യുന്നുണ്ട്. ബുദ്ധന്റെ ബോധോദയത്തെ പോലും പെൺഗൗളി വിമർശിക്കുന്നു.

സവിശേഷമായ ആഖ്യാന രീതിയിലൂടെ സമൂഹത്തിന്റെ പല മേഖലകളെയും പിടികൂടിയിരിക്കുന്ന അപചയങ്ങളെ ഗ്രേസി ഈ കഥയിലൂടെ ശക്തമായി വിമർശന വിധേയമാക്കുന്നു.

**Q 2 . സാഹിത്യം സമൂഹത്തിന് നേരേ പിടിച്ച കണ്ണാടിയാണ് എന്ന കാഴ്ചപ്പാടിൽ ഗൗളി ജന്മം എന്ന കഥയെ സമീപിച്ചാൽ ആ കഥയിൽ പ്രതിഫലിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ എന്തെല്ലാം എന്ന് വിശദീകരിച്ച് ഉപന്യാസമെഴുതുക.**

✅ ആദ്യ കഥാ സമാഹാരമായ പടിയിറങ്ങിപ്പോയ പാർവ്വതി മുതൽ സാമൂഹിക വിഷയങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച എഴുത്തുകാരിയാണ് ശ്രീമതി ഗ്രേസി. സ്ത്രീ അനുഭവിക്കുന്ന സ്വത്വപ്രതിസന്ധികളും പ്രശ്നങ്ങളും തന്നെയാണ് ഗ്രേസി ടീച്ചറിന്റെ പ്രതിഭയെ എന്നും ഏറ്റവുമധികം പ്രചോദിപ്പിച്ചിട്ടുള്ളത്.

ഗൗളിജന്മം എന്ന കഥയിലും മുഖ്യ പ്രമേയം സ്ത്രീ ജീവിതത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും തന്നെ. ആണധികാരത്തിന്റെ നുകക്കീഴിൽ സ്വത്വം നഷ്ടപ്പെട്ടു പോകുന്ന പെൺജീവിതത്തെ ഹാസ്യത്തിന്റെ വിവിധ സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് അവതരിപ്പിക്കുന്ന കഥയാണിത്. പുരുഷാധികാരത്തിന്റെ അഹന്ത നിറഞ്ഞ വാക്കുകളെ അവഗണിച്ചുകൊണ്ട് തന്റെ അന്വേഷണ വഴിയിലേക്ക് ഇറങ്ങിപ്പോകുന്ന പെൺഗൗളി പെണ്ണിന്റെ സ്വയം നിർണയാവകാശ പ്രഖ്യാപനം നടത്തുകയാണ്..

വിദ്യാഭ്യാസം കൂടുമ്പോഴും അന്ധവിശ്വാസമേറുന്ന കേരളീയ സമൂഹത്തിന്റെ കാഴ്ചകളും ഗൗളി ജന്മത്തിൽ പ്രതിഫലിക്കുന്നു. ശകുനം, നിമിത്തം, ഗൗളിശാസ്ത്രം തുടങ്ങിയ യുക്തിരാഹിത്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരാണ് ഇപ്പോഴും നമ്മൾ എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു.

മറ്റുള്ളവരുടെ അറിവിനെയും തന്റെ അറിവിന്റെ പരിമിതിയെയും അംഗീകരിക്കാൻ മടിക്കുന്ന ഡോക്ടർമാരുടെ ഈഗോ ഗൗളിജന്മം എന്ന കഥയിൽ പരിഹാസ വിഷയമാവുന്നു. രോഗികളുടെ ജീവൻ വച്ച് കളിക്കുന്ന അത്തരം ഈഗോയോട് രൂക്ഷമായി പ്രതികരിക്കുന്ന കഥ കൂടിയാണ് ഗൗളിജന്മം.

ഒരു ചടങ്ങു പോലെ ആശുപത്രികളിൽ രോഗിയെ കാണാനെത്തുന്ന സന്ദർശകരുടെ വകതിരിവില്ലായ്മയെ ഗൗളിജന്മം എന്ന കഥ കണക്കിന് കളിയാക്കുന്നു. ആശുപത്രി മുറിയിലേക്ക് പട്ട് സാരിയുടുത്ത് കുളമ്പടിച്ചെത്തുന്ന സന്ദർശക തന്റെ പൊങ്ങച്ചവും മര്യാദകേടും ആവോളം പ്രദർശിപ്പിച്ചിട്ട് മടങ്ങുമ്പോൾ ആ കാരിക്കേച്ചർ കഥാപാത്രം വായനക്കാരുടെ മനസിൽ ചിരിയുണർത്തും.

ഉത്തരം താങ്ങുന്ന പല്ലിയായി പുനർജന്മം ലഭിച്ച കഥാകൃത്തും ഗൗളിജന്മത്തിലെ തീക്ഷണമായ സാമൂഹികവിമർശനമാണ്. താനാണ് ഏറ്റവും കേമൻ എന്ന് അഹന്ത സൂക്ഷിക്കുന്ന എഴുത്തുകാർ സമൂഹത്തിൽ അപൂർവമൊന്നുമല്ല. അത്തരക്കാരാണ് ഉത്തരം താങ്ങുന്ന പല്ലിയായി പുനർജന്മമെടുക്കുന്നത് എന്ന് എഴുത്തുകാരി തന്നെ പറയുമ്പോൾ അതിലെ ആത്മ വിമർശനവും സാമൂഹിക യാഥാർത്ഥ്യവും കഥയ്ക്ക് മാറ്റ് കൂട്ടുന്നു.

നമ്മൾ ജീവിക്കുന്ന സമൂഹത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന കഥ എന്ന രീതിയിൽ ഗൗളിജന്മം എന്ന കഥ സമൂഹത്തിന് നേരേ പിടിച്ച കണ്ണാടിയാണെന്ന് നിസ്സംശയം പറയാം.

Downloaded from www.Hsslive.in ®

## ഗ്രേസി



1951 ൽ മൂവാറ്റുപുഴയ്ക്കടുത്ത് മാറാടിയിൽ ജനനം. സ്ത്രീജീവിതത്തിന്റെ വൈവിധ്യങ്ങൾ കഥകളിൽ ആവിഷ്കരിച്ച എഴുത്തുകാരി. ആദ്യ കഥാസമാഹാരം 'പടിയിറങ്ങിപ്പോയ പാർവതി' 1991 ൽ പ്രസിദ്ധീകരിച്ചു. നരകവാതിൽ, ഭ്രാന്തൻ പൂക്കൾ, രണ്ടു സ്വപ്നദർശികൾ, കാവേരിയുടെ നേര്, പനിക്കണ്ണ്, ഏഴു പെൺകഥകൾ, ഗ്രേസിയുടെ കഥകൾ എന്നിവ പ്രധാന കൃതികൾ. സ്ത്രീയുടെ സ്വത്വബോധവും അവൾ നേരിടുന്ന സാമൂഹികപ്രശ്നങ്ങളും പ്രതിപാദിക്കുന്നവയാണ് രചനകൾ. ലളിതാംബിക അന്തർജനം അവാർഡ്, തോപ്പിൽ രവി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ഗ്രേസിയുടെ രചനകൾ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.

**നോട്ട് തയ്യാറാക്കിയത് :**
**അജയകുമാർ ബി , ഗവ. HSS , ചുനക്കര , ആലപ്പുഴ ജില്ല**

hssMozhi

hssMozhi
malayalam class

Downloaded from www.Hsslive.in ®

## ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ( 4 ക്ലാസുകൾ )

1

2

hssMozhi

3

4

Downloaded from www.Hsslive.in ®

പ്രിയ വിദ്യാർത്ഥികളെ ,

HSS Mozhi – ഹയർ സെക്കണ്ടറി മലയാളം അധ്യാപകരുടെ ഒരു കൂട്ടായ്മയാണ്. + 1 , +2 മലയാളം വിദ്യാർത്ഥികൾക്കാവശ്യമായ പഠന വിഭവങ്ങൾ ഞങ്ങൾ തയ്യാറാക്കുന്നു.

– മൂന്ന് തലത്തിലാണ് അവ ആസൂത്രണം ചെയ്തിരിക്കുന്നത്.

1 . YouTube Channel – പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെയും ടീച്ചർ ടെക്സ്റ്റിനെയും കൃത്യമായി പിന്തുടരുന്ന വീഡിയോ ക്ലാസുകൾ ചാനലിൽ ലഭ്യമാക്കിയിരിക്കുന്നു. Link : – Click Here

2 . Telegram Channel : + 1 , +2 ക്ലാസുകൾക്ക് വെവ്വേറെ ചാനലുകൾ ഉണ്ട്. യു ട്യൂബ് ചാനലിലെ ക്ലാസുകൾ ക്രമമായി ഇവിടെ കാണാം. കൂടാതെ പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ , ആഡിയോകൾ, വീഡിയോകൾ , മാതൃകാ ചോദ്യങ്ങൾ, ചോദ്യോത്തരങ്ങൾ , നോട്ട് തുടങ്ങിയവ ഇവിടെ ലഭ്യമായിരിക്കും. +2 Channel Link : Click Here

3 . Note – ഓരോ പാഠഭാഗത്തിന്റെയും നോട്ട് തയ്യാറാക്കിയിരിക്കുന്നു. ടെലഗ്രാം ചാനലിനു പുറമേ, ഇപ്പോൾ HSS Live വഴിയും നോട്ട് ലഭ്യമാക്കിയിരിക്കുന്നു.

വീഡിയോ ക്ലാസുകളും നോട്ടും ഉപയോഗിച്ച് പഠനം മുന്നോട്ട് കൊണ്ടുപോവുക. എ പ്ലസ് സ്കോർ നേടാൻ അവ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും.

hssMozhi

സ്നേഹത്തോടെ,
hssMozhi

Pl Visit Our Online Malayalam Books Shop
https://www.amazon.in/shop/highersecondarymalayalamclass